**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-വിവരാവകാശ നിയമം 2005-തദ്ദേശ സ്വയംഭരണ (ഇയു,ആർഎ,ആർബി) വകുപ്പുകളുടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി ശ്രീമതി.സി.എസ്.ശ്രീകല, അണ്ടർ സെക്രട്ടറിയെ നിയമിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പിഎസ്)വകുപ്പ്**

**സ.ഉ(സാ)നം. 480/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 06.02.2016.**

പരാമർശം- 1) സ.ഉ(സാ)നം.1926/2015/ തസ്വഭവ തീയതി, 25.06.15

2) 04.02.16 ലെ 365/ആർബി 2/16/തസ്വഭവ നമ്പർ അനൗദ്യോഗിക കുറിപ്പ്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിലെ സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അപ്പീൽ അധികാരി എന്നിവരെ പരാമർശം-(1) മുഖേന നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ (ഇയു, ആർഎ, ആർബി) വകുപ്പുകളുടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായ ശ്രീമതി. സോണിയ വാഷിംഗ്ടൺ രണ്ട് മാസത്തെ അവധിയിൽ പ്രവേശിച്ചു എന്നും പകരം അണ്ടർ സെക്രട്ടറിയെ നിയമിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പുതിയ ഓഫീസർ ചുമതല ഏൽക്കുന്നതുവരെ ഒരു സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കണം എന്നും പരാമർശം-2 ലെ അനൗദ്യോഗിക കുറിപ്പ് മുഖേന തദ്ദേശ സ്വയംഭരണ(ആർബി)വകുപ്പ് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീമതി.സി.എസ്.ശ്രീകലയ്ക്ക് തദ്ദേശ സ്വയംഭരണ (ഇയു,ആർഎ,ആർബി) വകുപ്പുകളുടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ താൽക്കാലിക ചുമതല നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. നിലവിൽ അവധിയിൽ പ്രവേശിച്ച ശ്രീമതി.സോണിയ വാഷിംഗ്ടൺ, അണ്ടർ സെക്രട്ടറിക്ക് പകരം പുതുതായി ഒരു ജീവനക്കാരൻ/ജീവനക്കാരി ചുമതല ഏൽക്കുന്നതുവരെ ശ്രീമതി.സി.എസ്.ശ്രീകല, അണ്ടർ സെക്രട്ടറി തദ്ദേശ സ്വയംഭരണ (ഇയു,ആർഎ,ആർബി) വകുപ്പുകളുടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ താൽക്കാലിക ചുമതല നിർവഹിക്കേണ്ടതാണ്. അതിനുശേഷം പുതുതായി

നിയമിക്കപ്പെടുന്ന ജീവനക്കാരൻ/ജീവനക്കാരി തദ്ദേശ സ്വയംഭരണ (ഇയു,ആർഎ,ആർബി) വകുപ്പുകളുടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**കെ.ആർ.പഴനിയമ്മ,**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീമതി.സി.എസ്.ശ്രീകല, അണ്ടർ സെക്രട്ടറി , തദ്ദേശ സ്വയംഭരണ വകുപ്പ്
തദ്ദേശ സ്വയംഭരണ (ഇയു,ആർഎ,ആർബി) വകുപ്പുകൾക്ക്
അപ്പീൽ അധികാരി, തദ്ദേശസ്വയംഭരണ (ഇയു,ആർഎ,ആർബി) വകുപ്പുകൾക്ക്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ